**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1324** **03-02-2026 - ൽ മറുപടിയ്ക്ക്**

**കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ മണ്ഡലത്തിലെ പള്ളിപ്പുറം ഗ്രാമപഞ്ചായത്തിലെ കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമായത് ഏതു വർഷത്തിലാണെന്നും നിർമ്മാണം ആരംഭിച്ചത് ഏത് വർഷത്തിലാണെന്നും വ്യക്തമാക്കാമോ; | (എ) | കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണത്തിന് പ്രാഥമിക ഭരണാനുമതി 2015 ലും പുതുക്കിയ ഭരണാനുമതി 2018 ലുമാണ് നൽകിയത്. പ്രസ്തുത പാലത്തിന്റെ നിർമ്മാണം 2019മെയ് മാസത്തിലാണ് ആരംഭിച്ചത്. |
| (ബി) | ജി.എസ്.റ്റി. വിഷയത്താൽ പ്രവൃത്തിയുടെ കരാറുകാരൻ പ്രവൃത്തി നിർത്തിവെച്ചത് എന്നാണെന്നും പ്രസ്തുത വ്യക്തിയെ പുറത്താക്കിയത് എന്നാണെന്നും വ്യക്തമാക്കാമോ; | (ബി) | ജി.എസ്.റ്റി വിഷയത്തിൽ പ്രവൃത്തിയുടെ കരാറുകാരൻ പ്രവൃത്തി നിർത്തി വച്ചത് 2023 മെയ് മാസത്തിലാണ്. പ്രസ്തുത പ്രവൃത്തിയിൽ നിന്നും ടി കരാറുകാരനെ 21.07.2025 തീയതിയിലാണ് ഒഴിവാക്കിയത്. |
| (സി) | ജി.എസ്.റ്റി. വിഷയത്താൽ നിർമ്മാണ പ്രവർത്തനം നിലച്ച കോൺവെന്റ് ബീച്ച് പാലത്തിന്റെ ബ്രിഡ്ജ് പ്രോപ്പർ പ്രവൃത്തിക്കായി സമർപ്പിച്ചിട്ടുള്ള ടെണ്ടറിന് അംഗീകാരം നൽകുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ; | (സി) | ബ്രിഡ്ജ് പ്രോപ്പർ പ്രവൃത്തിയുടെ ബാലൻസ് പ്രവൃത്തിക്കായുള്ള ടെൻഡർ അംഗീകരിക്കുന്നതിനായി ചീഫ് എഞ്ചിനീയർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു. |
| (ഡി) | പ്രസ്തുത പാലത്തിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ഡി) | ബ്രിഡ്ജ് പ്രോപ്പർ പ്രവൃത്തിയുടെ ടെൻഡർ അംഗീകരിച്ചതിനു ശേഷം സൈറ്റ് കൈമാറുന്ന തീയതി മുതൽ 10 മാസ കാലാവധിക്കുള്ളിൽ പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ഇ) | പാലത്തിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിൽ നേരിടുന്ന കാലതാമസം മൂലം ജനങ്ങൾ ഉയർത്തുന്ന പ്രതിഷേധം കണക്കിലെടുത്ത് പൊതുമരാമത്ത് വകുപ്പും ധനകാര്യ വകുപ്പും സംയുക്തയോഗം ചേർന്ന് ഇതുസംബന്ധിച്ച ഫയലിൽ അടിയന്തര തീരുമാനം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഇ) | ബ്രിഡ്ജ് പ്രോപ്പർ പ്രവൃത്തിയുടെ ബാലൻസ് പ്രവൃത്തിക്കായുള്ള ടെൻഡർ അംഗീകരിക്കുന്നതിനായി ചീഫ് എഞ്ചിനീയർ സമർപ്പിച്ച പ്രൊപ്പോസൽ (PWD-D1/619/2025-PWD ഫയലിൽ) പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ